"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീമതി. അനു ആന്റണിക്ക് എറണാകുളം ജില്ലയിൽ കോടതി വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(കൈ) നം.33/2026/GEDN തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. 24.5.1999-ലെ സ.ഉ.(അ) നം. 12/99/ഉ.ഭ.പ.വ
2. 7.1.2018-ലെ സ.ഉ.(അ)1/2018/ഉ.ഭ.പ.വ
3. 28.04.2018-ലെ സ.ഉ.(അ) 7/2018/ഉ.ഭ.പ.വ
4. ശ്രീമതി അനു ആന്റണി സമർപ്പിച്ച 15.06.2024, 23.05.2025, 15.12.2025 -തീയതികളിലെ അപേക്ഷകൾ
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.01.2025-ലെ ഡി.ജി.ഇ/25852/2024/എ(4) നമ്പർ കത്ത്
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 04.05.2025-ലെ DCALP/1435/2025-A7 നമ്പർ കത്ത്
7. 14.07.2023 -ലെ സ.ഉ (അ)നം.12/2023/ഉ.ഭ.പ.വ
8. 29.03.2025-ലെ സ.ഉ.(അച്ചടി) നം.4/2025/പി&എ.ആർ.ഡി
9. പൊതു ഭരണ (സർവീസ് ഡി) വകുപ്പിന്റെ 02.12.2025-ലെ എസ്.ഡി 2/349/2025/പൊഭവ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ചെട്ടിയാം കിണർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തു വരവെ 02.03.2024-ൽ മരണപ്പെട്ട ശ്രീ. മെൽബിൻ സി. ജെ-യുടെ ഭാര്യ ശ്രീമതി അനു ആന്റണി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും യഥാക്രമം പരാമർശം (5), (6) പ്രകാരം നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

2) ആലപ്പുഴ ജില്ലാ കളക്ടർ നടത്തിയ അന്വേഷണത്തിൽമലപ്പുറം ജില്ലയിലെ ചെട്ടിയാം കിണർ ഗവ.എച്ച്.എസ്. സ്കൂളിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മെൽബിൻ സി. ജെ 02.03.2024- ൽ മരണപ്പെട്ടു. 29/11/2021 - ൽ സർവീസിൽ പ്രവേശിച്ച ടിയാൾക്ക് 02 വർഷം 03

മാസം 03 ദിവസവും സർവീസുണ്ട്. ശ്രീമതി. അന്ന ആന്റണി പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റ് അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നൽകിക്കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 30/05/1997 ആണ്. അപേക്ഷക പ്ലസ് ടു, കമ്പ്യൂട്ടർ എൻജിനീയറിംഗ് ഡിപ്ലോമ , ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), ടൈപ്പ് റൈറ്റിംഗ് മലയാളം (ലോവർ) എന്നീ വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ളതും ഇപ്പോൾ 28 വയസ്സ് പൂർത്തിയായിട്ടുള്ളതുമാണ്. വാർഷിക വരുമാനം 56,000/-(അൻപത്തി ആറായിരം രൂപ മാത്രം) രൂപയാണ്. ആയത് പരാമർശം (3) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വരുമാനപരിധിയ്ക്കുള്ളിലാണ്.

3) അപേക്ഷക ഉൾപ്പെട്ട ക്ലാർക്ക് തസ്തികയുടെ പട്ടികയിൽ നിന്നും നിയമനം ലഭിക്കാൻ വളരെ കാലതാമസം ഉണ്ടാകുമെന്നതിനാൽ, തനിക്ക് എൽ.ഡി. ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകണമെന്ന് അപേക്ഷക പരാമർശം (4)- ലെ 23.05.2025 തീയതിലെ അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചു.

4) പരാമർശം (8) ഉത്തരവ് ഖണ്ഡിക V(9) പ്രകാരം ആശ്രിത നിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ, അപേക്ഷ സമർപ്പിക്കുകയും വാലിഡ് ആപ്ലിക്കേഷൻ തീയതിയിൽ ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ആണ് തസ്തിക മാറ്റ അപേക്ഷ സമർപ്പിക്കുന്നത് എങ്കിൽ വാലിഡ് ആപ്ലിക്കേഷൻ തീയതിയിൽ മാറ്റമുണ്ടാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

5) ശ്രീമതി അന്ന ആന്റണിയുടെ അപേക്ഷാതീയതി 15/06/2024 ആണ്. പ്രസ്തുത തീയതിക്ക് മുൻപ് ആർജിച്ച യോഗ്യതകൾ പ്രകാരമാണ് തസ്തിക മാറ്റത്തിനു പരിഗണിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് . ആയതിനാൽ അപേക്ഷകയ്ക്ക് 15/06/2024- വാലിഡ് ആപ്ലിക്കേഷൻ തീയതി ആയി കണക്കാക്കി തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്.

6) ശ്രീമതി അന്ന ആന്റണിയ്ക്ക് കോടതി വകുപ്പിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകാവുന്നതാണെന്ന് പൊതു ഭരണ (സർവീസ് ഡി) വകുപ്പ് പരാമർശം (9) പ്രകാരം അറിയിച്ചിട്ടുണ്ട്. തന്റെ മാതൃ ജില്ലയായ ആലപ്പുഴ ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് നിലവിലില്ല എന്നും ആയതിനാൽ ഒഴിവ് നിലവിലുള്ള എറണാകുളം ജില്ലയിൽ തനിക്ക് നിയമനം നൽകണമെന്നും അപേക്ഷക പരാമർശം (4) ലെ 15.12.2025 തീയതിയിലെ അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചു.

7) ശ്രീമതി അന്ന ആന്റണി സമർപ്പിച്ച ആശ്രിത നിയമന അപേക്ഷയും തുടർന്ന് സമർപ്പിച്ച തസ്തികമാറ്റ അപേക്ഷയും ജില്ല മാറ്റ അപേക്ഷയും സർക്കാർ പരാമർശം (1) ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കും വിധേയമായി സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷകയുടെ മാതൃ ജില്ലയായ ആലപ്പുഴ ജില്ലയിൽ LD ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവ് നിലവിലില്ല. ഈ സാഹചര്യത്തിൽ തൊട്ടടുത്ത എറണാകുളം ജില്ലയിൽ നിയമനത്തിന് പരിഗണിയ്ക്കണമെന്നാണ് അപേക്ഷക 15.12.2025-ലെ നിവേദനത്തിൽ അഭ്യർഥിച്ചിരിക്കുന്നത്. അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ നിന്നും വ്യത്യസ്തമായ ജില്ലയിൽ നിയമനം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ടിയാളുടെ ഓപ്റ്റഡ് ജില്ലയ്ക്ക് മാറ്റം വരുന്നു. അതിനാൽ നിലവിൽ ടിയാളുടെ അപേക്ഷ പരിഗണിച്ച്, നിയമനം ആവശ്യപ്പെടുന്ന ജില്ലയായ എറണാകുളം ജില്ലയിൽ ആശ്രിത നിയമനത്തിന് ഒഴിവ് ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ ശ്രീമതി അന്ന ആന്റണി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാളുടെ ഓപ്റ്റഡ് ജില്ല, ആലപ്പുഴയ്ക്ക് പകരം എറണാകുളം ആയി കണക്കാക്കി ഒഴിവ് നിലവിലുള്ളതും അപേക്ഷക നിയമനം ആവശ്യപ്പെടുന്നതുമായ

എറണാകുളം ജില്ലയിൽ ജുഡീഷ്യറി വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8) ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടെയും നിയമാവലിയുടെയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതാണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ ഈ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയപ്പോഴോ എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് ബോധ്യമാകുന്ന പക്ഷം ഏതു സമയത്തും ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

11) ഇത് സംബന്ധിച്ച നിയമന ഉത്തരവ് നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീമതി അനു ആന്റണി- യുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ (ശ്രീ. മെൽബിൻ സി. ജെ, ഓഫീസ് അറ്റൻഡന്റ്, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ചെട്ടിയാം കിണർ, മലപ്പുറം) സേവനപുസ്തകത്തിലും ടിയാൻ അവസാനം സേവനമനുഷ്ഠിച്ച കാര്യാലയത്തിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും ആയതു ഓഫീസ് മേധാവി/ വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

12) പരാമർശം (7) ഉത്തരവ് പ്രകാരം ആശ്രിതനിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണസമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25 % തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

ശ്രീമതി അനു ആന്റണി, അഴിയകത്ത് വീട്, കാട്ടൂർ പി.ഒ, കലവൂർ, ആലപ്പുഴ-688522
(അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അസ്സൽ സഹിതം) (By Registered Post)
രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം(with C.L)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം
ജില്ലാ കളക്ടർ, ആലപ്പുഴ
ഹെഡ് മാസ്റ്റർ, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ചെട്ടിയാം കിണർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ / ആഡിറ്റ് ) കേരള, തിരുവനന്തപുരം
പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്
വിവര-പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 24-02-2026 16:10:44
സെക്ഷൻ ഓഫീസർ